# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/ 117 /2015 തൈക്കാട്, തിരുവനന്തപുരം

തീയതി: 29/01/2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) ഫെബ്രുവരി 2015 - രണ്ടാം സെമസ്റ്ററിൽ ഹാൾ ടിക്കറ്റ് ലഭിക്കുകയും എന്നാൽ പരീക്ഷ എഴുതാത്തതും രണ്ടും മൂന്നും സെമസ്റ്ററിൽ മതിയായ ഹാജർ ശതമാനം ഉള്ളതുമായ ട്രെയിനികളെ പരീക്ഷ എഴുതിപ്പിക്കുന്നത് - സംബന്ധിച്ച് .

സൂചന : (1) 16/07/2014 തീയതിയിലെ ഡി.ജി.ഇ.റ്റി.-19/4/11 സി.ഡി. (പി.റ്റി.) നമ്പർ ഡി.ജി.ഇ.റ്റി. യുടെ കത്ത്

(2) 16/01/2015 തീയതിയിലെ ഇതേ നമ്പർ കത്ത്

രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾ ടിക്കറ്റ് ലഭിച്ചു എങ്കിലും ഒഴിച്ചുകൂടാൻ കഴിയാത്ത ചില സാഹചര്യത്തിൽ ടി പരീക്ഷ എഴുതിയില്ലെങ്കിലും രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടി എന്നത് പരിഗണിച്ച് മൂന്നാം സെമസ്റ്ററിൽ തുടർന്ന് പഠിക്കുവാൻ പ്രിൻസിപ്പാൾമാർ അനുമതി നൽകുന്നുണ്ട്. ഇപ്രകാരമുള്ള ട്രെയിനികൾക്ക് രണ്ടും മൂന്നും സെമസ്റ്ററുകളിൽ 80% ഹാജർ നേടിയിട്ടുണ്ടെങ്കിൽ രണ്ടും മൂന്നും സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കാമെന്ന് ഡി.ജി.ഇ.റ്റി. സൂചന (1) പ്രകാരം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരെ അറിയിച്ചിരുന്നു. കൂടാതെ പുനപ്രവേശനം നേടിയ ട്രെയിനികളുടെ വിവരങ്ങളും അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

ഇപ്രകാരമുള്ള ട്രെയിനികളുടെ റിക്കാർഡുകൾ പരിശോധിച്ച് ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ/നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ സുചന (2) ലെ കത്തിൽ ഉള്ളടക്കം ചെയ്തിരുന്ന പെർഫോമായിൽ വിവരങ്ങൾ തയ്യാറാക്കി deputydirectoroftraining@gmail.com എന്ന ഇ മെയിൽ അഡ്രസ്സിൽ 17/01/2015 ന് മുൻപ് അയച്ചുതരുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി റിപ്പോർട്ടുകൾ ഇതുവരെ ലഭിച്ചതായി കാണുന്നില്ല. **09/02/2015 ന് അഖിലേന്ത്യാ പരീക്ഷകൾ ആരംഭിക്കുന്ന സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള തരത്തിലുള്ള ട്രെയിനികൾ സ്ഥാപനങ്ങളിൽ ഉണ്ടെങ്കിൽ ടി വിവരങ്ങൾ നിശ്ചിത പെർഫോമയിൽ തയ്യാറാക്കി നോഡൽ ഐ.ടി.ഐ. കളുടെ ആമുഖ കത്ത് ഉൾപ്പടെ പ്രത്യേക ദൂതൻ**

മുഖാന്തിരം 31/01/2015 ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി പരീക്ഷ വിഭാഗം പ്രവർത്തിക്കുന്ന ചാക്ക ഐ.ടി.ഐ. കാമ്പസിൽ എത്തിക്കേണ്ടതാണ്. 01/02/2015 ന് ഹാൾ ടിക്കറ്റ് ഓൺ ലൈൻ മുഖാന്തിരം വിതരണം ചെയ്യേണ്ടതിനാൽ നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ലായെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഇപ്രകാരം എതെങ്കിലും ട്രെയിനികൾക്ക് പരീക്ഷയിൽ പങ്കെടുക്കുവാൻ ഹാൾടിക്കറ്റ് ലഭിക്കാതെ വരുന്ന സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ മാർക്കും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം

പെർഫോമയുടെ പകർപ്പ്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും,

എല്ലാ ആർ.ഐ. സെൻറർ ട്രെയിനിംഗ് ഓഫീസർമാർക്കും,

ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർക്കും

**പ്രഫോർമ**

| ക്രമ നം. | നോഡൽ ഐ.ടി.ഐ യുടെ പേര് | ഗവ/ സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐകളുടെ പേര് | ട്രെയിനി യുടെ പേര് | ട്രേഡ് | രണ്ടാം സെമസ്റ്ററിലെ പരീക്ഷയിൽ പങ്കെടുക്കാൻ ലഭിച്ച ഹാൾടിക്കറ്റ് നമ്പർ |
|---|---|---|---|---|---|
| | | | | | |

മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ട്രെയിനികളുടെ രണ്ടും മൂന്നും സെമസ്റ്ററിലെ ഹാജർനില ഞാൻ പരിശോധിക്കുകയും ആയത് പ്രകാരം ടി ട്രെയിനികൾ എ.ഐടി.ടി ഫെബ്രുവരി 2015 (സെമസ്റ്റർ സ്കിം) ന്റെ രണ്ടും മൂന്നും സെമസ്റ്ററിലേക്കുള്ള പരീക്ഷ എഴുതാൻ യോഗ്യരാണെന്നും ഞാൻ ഇതിനാൽ ശുപാർശ ചെയ്യുന്നു.

ഐ.ടി/നോഡൽ ഐ.ടി.ഐ
പ്രിൻസിപ്പാൾമാരുടെ ഒപ്പും പേരും

ഓഫീസ് സീൽ